
LITTLE KITES DIGITAL MAGAZINE 2022-25 BATCH

# DRIZZLING





**HASEES P**, HEAD MASTER , GHS THOLPETTY

തോൽപ്പെട്ടി സ്ക്കുളിലെ LITTLE KITES അംഗങ്ങൾ അണിയിച്ചൊരുക്കുന്ന ഡിജിറ്റൽ മാഗസിന് ആശംസകൾ. വിവര സാങ്കേതിക വിദ്യയുടെ പുത്തൻ മേച്ചിൽ പുറം തേടുന്ന പുതു തലമുറക്ക് എന്തുകൊണ്ടും പ്രതീക്ഷയേറുന്ന പ്രവർത്തനങ്ങൾ ആണ് തോൽപ്പെട്ടി LITTLE KITES യൂണിറ്റിന്റേത് .വിവര സാങ്കേതിക വിദ്യ ആധുനിക സമൂഹ നന്മക്കും വിദ്യാർത്ഥികളുടെ സർവോന്മുഖ വികസനത്തിനും പ്രയോജനപ്പെടുത്തുന്ന വിധമാണ് തോൽപ്പെട്ടി ഹൈസ്ക്കുളിലെ LITTLE KITES യൂണിറ്റിന്റെ പ്രവർത്തനങ്ങൾ.

ഇങ്ങനെ ആധുനിക ശാസ്ത്ര സമ്പത്തിനു വിധേയമായി നൽകുന്ന ഡിജിറ്റൽ മാഗസിന് എല്ലാ വിധ ആശംസകളും നേരുന്നു. GHS തോൽപ്പെട്ടി സ്ക്കുളിലെ 2022 -25 LITTLE KITES BATCH -ന്റെ DIGITAL MAGAZINE പ്രകാശനം ചെയ്യുന്നതിൽ ഒരുപാട് അഭിമാനിക്കുകയും സന്തോഷം കൊള്ളുകയും ചെയ്യുന്നു. ഇതിനു പിന്നിൽ പ്രവർത്തിച്ച Editorial BOARD, മറ്റു LITTLE KITE അംഗങ്ങൾ ,LK MASTER, MISTRESS എന്നിവരെ പ്രത്യേകം അഭിനന്ദിക്കുന്നു.



MARIE SONIA , Sr.Assistant, GHS THOLPETTY

2023-24 അധ്യയന വർഷത്തെ little kites ഡിജിറ്റൽ മാഗസിൻ ഒരു മികച്ച അവസരമാണ് നമ്മുടെ വിദ്യാർത്ഥികൾക്ക് നൽകിയത്. ഈ ബാച്ചിൽ 20 കുട്ടികൾ പരിശീലനം നേടുന്നു. അവരുടെ സർഗാത്മകത പുറത്തു കൊണ്ട് വരാനും സാങ്കേതിക വിദ്യയുമായി സംയോജിപ്പിച്ച് ഏറ്റവും മികച്ച കൃതികൾ, കഥകൾ, എല്ലാം ഒരുക്കുന്ന ഈ സംരഭത്തിന് ചുക്കാൻ പിടിക്കുന്ന അദ്ധ്യാപകർക്കും വിദ്യാർത്ഥികൾക്കും എല്ലാ വിധ ആശംസകളും നേരുന്നു.


# EDITORIAL BOARD




PUBLISHER
HASEES P
H M



CHIEF EDITOR
MUBASHIRA



SUB EDITOR
FATHIMATH JUMANA



STAFF EDITOR
BIBIN B, LK MASTER



STAFF EDITOR
SHABANA V , LK MISTRESS

# എന്റെ ഗ്രാമം

തോൽപ്പെട്ടി എന്ന ഒരു കൊച്ച ഗ്രാമത്തിലാണ് ഞാൻ താമസിക്കുന്നത്.കാപ്പിതോട്ടങ്ങളും പള്ളിക്കടങ്ങളും നീലഗിരി കുന്നുകളും വന്യജീവിസങ്കേതവും പുഴകളും മരങ്ങളും റിസോർട്ടുകളും ഇവിടെ ഉണ്ട്. വളരെയേറെ പച്ചപ്പ് നിറഞ്ഞതുമാണ് തോൽപ്പെട്ടി. കിഴക്ക് ഭാഗത്താണ് വന്യജീവിസങ്കേതം സ്ഥിതി ചെയ്യുന്നത്. ഈ വന്യജീവിസങ്കേതമാണ് തോൽപ്പെട്ടിയെ ഒരു ടൂറിസ്റ്റ് കേന്ദ്രമായി മാറ്റുന്നത്.വടക്ക് ഭാഗത്ത് പോയാൽ കർണാടക ബോർഡറിലേക്ക് പോവാം. മലനിരകളും താഴ്വാരങ്ങളും വനങ്ങളും ആയി സമൃദ്ധമാണ് തോൽപ്പെട്ടി ഗ്രാമം. 40%ത്തോളം തനത് ഗോത്ര വിഭാഗവും ബാക്കി 60% നാനാമത വിഭാഗവും ഉൾച്ചേർന്ന് വസിക്കുന്നു. ടിപ്പുവിന്റെ സാമ്രാജിത്യ വികസനത്തിന്റെ ബാഗമായി തോൽപ്പെട്ടി എന്ന പ്രദേശവും അറിയപ്പെടുന്നു.

- ഫാത്തിമത്തുൽ ഷഹാന



# എന്റെ നാട്

പച്ചപ്പട്ടു വിരിച്ച മലനിരകൾ
തിങ്ങിനിൽക്കും കാനനം
കളകളമൊഴുകുന്ന അരുവികൾ
ഉണരുമ്പോൾ കിളികളുടെ
കൊഞ്ചലുകൾ നിറഞ്ഞ പ്രഭാതം
ജാതി മത വിവേചനമില്ലാത്ത നാട്
ഒത്തൊരുമയുടെ പ്രതീകമായ നാട്
പ്രകൃതി ഭംഗിയാൽ മനോഹരമായ നാട്
മാനത്തോളം ഉയർന്ന മരങ്ങൾ
ഉപദ്രവകാരികൾ അല്ലാത്ത മൃഗങ്ങൾ
അതി മനോഹരമായ എന്റെ നാട്

– തൻമയ ബിനു





# എന്റെ വിദ്യാലയം

പച്ചപ്പുകൾക്കിടയിലുള്ള വിദ്യാലയം
എന്റെ വിദ്യാലയം
എന്റെ ഗ്രാമത്തിന്റെ വെളിച്ചമാണ്
എന്റെ വിദ്യലയം
എന്റെ അറിവിന്റെ വാതിലാണ്
എന്റെ വിദ്യാലയം
എന്റെ സ്വപ്നങ്ങളുടെ കൂടാണ്
എന്റെ വിദ്യാലയം
എന്റെ വിജയങ്ങളുടെ പടവുകളാണ്
എന്റെ വിദ്യാലയം

- ആര്യ വിനു



# പ്രകൃതി

ഞാൻ പച്ച നിറത്തിൽ അവശേഷിക്കുന്ന
ഒരു വലിയ വനമാണ്
എന്നിൽ ജീവിക്കുന്ന മൃഗങ്ങൾ അവർക്കായി
ദിവസവും ഭക്ഷണം വിളമ്പുന്നു
എന്നിൽ മനോഹരമായ കുളങ്ങളും
നദികളും ഉണ്ട്
ഒരുപാട് ഒരുപാട് ഔഷധ സസ്യങ്ങൾ
ചുറ്റുമുള്ള മരങ്ങളിൽ എന്റെ രുചികരമായ
പഴങ്ങൾ ആസ്വദിക്കാൻ തോന്നുന്നു
പക്ഷികൾ പാട്ടുകൾ പാടുന്നു
ചന്ദ്രൻ
ഇലകൾക്ക് ഇടയിൽ തുളുമ്പുന്ന
സൂര്യൻ
ജീവിക്കു ജീവിക്കാൻ അനുവദിക്കു
പ്രകൃതിയുടെ ശ്വാസകോശം
ജീവശ്വാസം

– ഫാത്തിമത്ത് ജുമാന





# മഹാകവി വള്ളത്തോൾ

മലയാളഭാഷയിലെ ആസ്ഥാനകവിയായിരുന്നു മഹാകവി വള്ളത്തോൾ നാരായണമേനോൻ.സരളവും ഓജസ്സുറ്റതുമായ ശൈലിയിൽ ധാരാളം കവിതകൾ രചിച്ച് അദ്ദേഹം മലയാളഭാഷയെ ധന്യമാക്കി. വള്ളത്തോൾ 'ശബ്ദസുന്ദരൻ' എന്നത്രേ സഹൃദയർ അദ്ദേഹത്തെ വിശേഷിപ്പിച്ചിട്ടുള്ളത്. നമ്മുടെ ദേശീയതയുടെ കവിയായും വള്ളത്തോൾ അംഗീകരിക്കപ്പെട്ടിട്ടുണ്ട്.

സ്വാതന്ത്ര്യസമര കാലഘട്ടത്തിൽ ദേശാഭിമാനോത്തേജകമായ ധാരാളം കവിതകൾ രചിച്ച് മലയാളികളുടെ സ്വാതന്ത്ര്യദാഹത്തെ അദ്ദേഹം ഉജ്ജ്വലിപ്പിച്ചിരുന്നു.1878 ഒക്ടോബർ 16-ന് തിരൂരിനടുത്തുള്ള ചേന്നര ഗ്രാമത്തിലാണ് അദ്ദേഹം ജനിച്ചത്. പതിനൊന്ന് ഭാഗങ്ങളുള്ള സാഹിത്യമഞ്ജരി, കൊച്ചുസീത, അച്ഛനും മകളും, ചിത്രയോഗം മഹാകാവ്യം തുടങ്ങി ഒട്ടേറെ കൃതികൾ രചിച്ചിട്ടുണ്ട്.1958 മാർച്ച് 13 ന് മഹാകവി അന്തരിച്ചു.



THUSHARA

# മാമ്പഴം

## ആസ്വാദനക്കുറിപ്പ്

ഗ്രാമജീവിതത്തിന്റെ നന്മ വഴികളിലൂടെ ജീവിതയാഥാർത്ഥ്യങ്ങളെ ചിത്രീകരിച്ച പ്രശസ്തനായ മലയാള കവി വൈലോപ്പിള്ളി ശ്രീധരമേനോന്റെ മാമ്പഴം എന്ന കവിതയിൽ വാത്സല്യനിതിയായമകന്റെ വേർപാടിന്റെ വേധനയിൽ നീറുന്ന മാതാവിന്റെ തേങ്ങലുകളാണ് കവി സൂചിപ്പിക്കുന്നത്.

വീട്ടുമുറ്റത്തെ തൈമാവിൽ ആദ്യത്തെ മാമ്പഴം വീഴുന്നത് കാണുന്ന അമ്മ നാലുമാസം മുമ്പ് ആ മാവ് പൂത്തു തുടങ്ങിയപ്പോൾ തന്റെ മകൻ ഒരു പൂക്കുല പൊട്ടിച്ചെടുത്തതും താൻ കാശാക്കിച്ചതും ഓർക്കുന്നു....

' മാങ്കനി വീഴും നേരം ഓടിച്ചെന്ന്ട്ടുക്കേണ്ടോൻ പൂങ്കുല തല്ലുന്നതു തല്ലുകൊള്ളാനിട്ടല്ലേ ' എന്ന അമ്മയുടെ ശകാരം കുഞ്ഞിനെ സംങ്കടപ്പെടുത്തുകയും കളങ്കമേശാത്ത അവന്റെ കണ്ണിനെ കണ്ണുനീർ തടാകമാക്കുകയും ചെയുതിരുന്നു.

കൊച്ചുമകൻ കൗതുകവശാൽ കാണിച്ച കുസൃതി രസിക്കാത്ത അമ്മ അവനെ ശാസിച്ചെങ്കിലും പിന്നീട് മകന്റെ പെട്ടെന്നുള്ള മരണം അമ്മയെ ദുഖത്തിലാഴ്ത്തുന്നു.അമ്മയും കുഞ്ഞും തമ്മിലുള്ള ബന്ധത്തിന് ഊന്നൽ നൽകുകയും ചെയ്യുന്നു.

- മിൻഹ ഫാത്തിമ



# സ്നേഹതീരം



പണ്ട് പണ്ട് ഗ്രാമത്തിൽ ഒരു മുത്തശ്ശിയും അവരുടെ പേരക്കുട്ടിയും ഒരു കുഞ്ഞ് വീട്ടിൽ താമസിച്ചിരുന്നു. ആ വീട്ടിൽ അവർ രണ്ട് പേർ മാത്രമായിരുന്നു ഉണ്ടായിരുന്നത്. ആ ഗ്രാമത്തിന്റെ അടുത്ത് ഒരു വലിയ കാടുണ്ടായിരുന്നു. മുത്തശ്ശിയുടെ പേരകുട്ടിയുടെ പേര് അപ്പു എന്നാണ്. മുത്തശ്ശിയും അപ്പുവും സാധനം വാങ്ങിക്കാൻ വേണ്ടി കടയിലേക്ക് പോവുകയായിരുന്നു. അപ്പോൾ അപ്പു അവിടെ ഒരു കുട്ടി തുമ്പിയെ പിടിക്കുന്നത് കണ്ടു. അപ്പുവിനും തുമ്പിയെ പിടിച്ച് കളിക്കേണം എന്നുണ്ടായിരുന്നു. അപ്പു മുത്തശ്ശിയോട് ചോദിച്ചു. ഞാനും കളിക്കാൻ പോകട്ടെ...? മുത്തശ്ശി പറഞ്ഞു: വേണ്ട അത് ഒരു പാവം തുമ്പിയല്ലേ. അതിനെ പിടിക്കാൻ പോകണ്ട. അപ്പു അത് കേൾക്കാതെ തുമ്പിയെ പിടിക്കാൻ വേണ്ടി പോയി. ആ കാട്ടിൽ നിന്ന് തുമ്പിയുടെ ഉറ്റ സുഹൃത്തായ കുരങ്ങച്ചൻ പറഞ്ഞു: “എന്റെ സുഹൃത്തിനെ തൊട്ടാൽ നിന്നെ ഞാൻ ശരിയാക്കും”. പിന്നെ കുരങ്ങച്ചൻ മറ്റൊരു മരത്തിലേക്ക് ചാടിയപ്പോൾ കൊമ്പ് പൊട്ടി താഴേക്ക് വീണു. കുരങ്ങച്ചൻ കരഞ്ഞു വിളിച്ചു. “എന്നെ രക്ഷിക്കണേ......”. അപ്പോൾ മുത്തശ്ശി കുരങ്ങച്ചന്റെ അടുത്തേക്ക് പോയി. കുരങ്ങച്ചനെ എടുത്ത് ഒരു മരത്തിന്റെ ചുവട്ടിൽ കിടത്തി. കുരങ്ങച്ചന്റെ മുറിവിൽ മരുന്നു വെച്ചു കൊടുത്തു. കാലിൽ ചെറിയ പരുക്ക് പറ്റിയിരുന്നു ഇനി എങ്ങനെ കുരങ്ങച്ചൻ നടക്കും , മരത്തിൽ ചാടി കയറും. അപ്പോൾ അവിടെ നിന്ന് ഒരു കുറുക്കൻ അതെല്ലാം കണ്ട് കൊണ്ടിരിക്കുന്നുണ്ടായിരുന്നു. കുറുക്കൻ പറഞ്ഞു: “നീ അപ്പുവിനോട് ദേഷ്യപെട്ടതു കൊണ്ടല്ലെ നിനക്ക് ഇങ്ങനെ ഒരു അവസ്ഥ ഉണ്ടായത് ”. ഈ അവസ്ഥയിലും സഹായിക്കാൻ അവരല്ലെ ഉണ്ടായിരുന്നത്. "നാം ഒരിക്കലും അഹങ്കാരം കാണിക്കാൻ പാടില്ല ". നമുക്ക് ആപത്ത് വരുമ്പോൾ രക്ഷിക്കാൻ ആരും ഉണ്ടാവണമെന്നില്ല. കുരങ്ങച്ചൻ അപ്പുവിനോട് പറഞ്ഞു: “എന്നോട് നീ ക്ഷമിക്കണം....” . അത് കേട്ടപ്പോൾ അപ്പുവിന് സന്തോഷമായി. അപ്പു കുരങ്ങച്ചനോട് പറഞ്ഞു: “നീ എന്റെ വീട്ടിൽ താമസിച്ചോളൂ.... മുറിവെല്ലാം മാറിയിട്ട് പോയാൽ മതി”. കുരങ്ങച്ചന് സന്തോഷമായി. കുറച്ചു ദിവസത്തിനു ശേഷം

കുരങ്ങച്ചന്റെ മുറിവെല്ലാം മാറി. കുരങ്ങച്ചൻ മുത്തശ്ശിയോടും അപ്പുവിനോടും യാത്ര ചോദിച്ചു. അവിടെ കുറുക്കനെ കണ്ടു. പെട്ടെന്ന് അവിടേക്ക് ഒരു സിംഹം കടന്നു വന്നു. കുറുക്കനെ പിടികൂടാൻ നോക്കി. കുറുക്കന്റെ കഴുത്തിൽ കടിച്ചു. കുരങ്ങച്ചൻ അത് കണ്ടു. മുത്തശ്ശിയും അപ്പുവും ഓടി വന്നു. “കുറുക്കനെ ഉപദ്രവിക്കരുതെന്നും , അതൊരു പാവമാണെന്നും ” മുത്തശ്ശി സിംഹത്തോട് പറഞ്ഞു . അപ്പോൾ സിംഹത്തിന് കുറുക്കനോട് സഹതാപം തോന്നുകയും , കുറുക്കനെ ഉപദ്രവിക്കാതെ വിട്ടയക്കുകയും ചെയ്തു.. കുറുക്കന്റെ തലയിലെ ചെറിയ മുറിവ് മുത്തശ്ശി മരുന്ന് വെച്ച് കെട്ടികൊടുത്തു, കുറുക്കൻ സന്തോഷത്തോടെ യാത്ര പറഞ്ഞു.

# ഹരിതാഭം

പുലരി തന്റെ മകനായ സൂര്യനെ മടിത്തട്ടിൽ കിടത്തി താലോലിക്കുന്നു. കുയിലിന്റെ മന്ത്രനാദം നിറഞ്ഞുനിൽക്കുന്ന പൂങ്കാവനങ്ങൾ. കളകളം ഒഴുകുന്ന കാട്ടരുവികൾ. പൂവിനെ തഴുകിയെത്തുന്ന ഇളംതെന്നൽ. പച്ചപരവതാനി വിരിച്ചിട്ടപോലെ വിശാലമായ വയൽപ്പാടങ്ങൾ. ഇളംകാറ്റിൽ നൃത്തം ചെയ്യുന്ന മരങ്ങൾ. മദ്ധ്യാഹ്നത്തിൽ ആരോ കത്തിച്ചുവച്ച തീപ്പന്തം പൊലെ ജ്വലിച്ചുനിൽക്കുന്ന സൂര്യൻ. പൂക്കളുടെ സുഗന്ധം നിറഞ്ഞുനിൽക്കുന്ന താഴ്വാരങ്ങൾ. മാണിക്യം പൊലെ തിളങ്ങികൊണ്ട് നിദ്രയിലേക്കുവീഴുന്ന സന്ധ്യാസൂര്യൻ. ആകാശമാകെ ഇരുട്ടിതുടങ്ങുമ്പോൾ ശ്വേതപുഷ്പങ്ങൾ ഉണരുന്നു. ആകാശം സ്വയമേ ഒരു പൂന്തോട്ടമാകാൻ ഒരുങ്ങിതുടങ്ങുന്നു. നക്ഷത്രങ്ങളാകുന്ന കുഞ്ഞുപൂക്കൾക്ക് കാവൽകാരനായി പൂനിലാവ്. ഇടയ്ക്കിടെ മിന്നിമറയുന്ന കൊള്ളിമീനുകൾ. ഈശ്വരൻ വരച്ച മനോഹരമായ ചിത്രം ആണ് പ്രകൃതി. അതിനെ വികൃതമാക്കാതെ അതു ആസ്വദിച്ചു ജീവിക്കണം. ഈ ലോകത്തിലെ സർവചരാചരങ്ങളുടെയും അമ്മയാണ് പ്രകൃതി. ആ അമ്മയുടെ മുൻപിൽ എന്നും നമ്മൾ ശിശുക്കളാണ്.

ശ്രീദേവിക കെ എം



# തോൽപെട്ടിയുടെ സ്ഥലനാമചരിത്രം

പശ്ചിമഘട്ട മലനിരകൾക്കിടയിൽ സ്ഥിതി ചെയ്യുന്ന ഒരു ഹരിത പറുദീസയാണ് വയനാട്. വയനാടിന്റെ വടക്ക് കിഴക്കായി ബ്രഹ്മഗിരി മലനിരകളുടെ താഴ്വാരത്തിൽ സ്ഥിതി ചെയ്യുന്ന ഒരു സുന്ദരമായ കൊച്ചു ഗ്രാമമാണ് തോൽപ്പെട്ടി.

തോൽപ്പെട്ടി എന്ന പേരിനു പിന്നിൽ ഒരു കൊച്ചു ചരിത്രമുണ്ട്.

ബ്രിട്ടീഷ് ഭരണകാലത്ത് ഈ പ്രദേശത്ത് വന്യമൃഗങ്ങളെ വേട്ടയാടുന്ന സമ്പ്രദായം ഉണ്ടായിരുന്നു. ആ കാലഘട്ടത്തിൽ ഇവിടെ താമസിച്ചിരുന്ന ജനങ്ങൾ വ്യാപാര ആവശ്യത്തിനായി തുകൽ പെട്ടിയിലാക്കി സൂക്ഷിച്ചിരുന്നു. ആങ്ങനെ ഈ പ്രദേശത്തിന് തുകൽപ്പെട്ടി എന്ന പേര് ലഭിച്ചു. കാലക്രമേണ തുകൽപ്പെട്ടിയിൽ നിന്നും തോൽപ്പെട്ടിയിലേക്ക് മാറി. ഇങ്ങനെയാണ് ഈ പ്രദേശത്തിന് തോൽപ്പെട്ടി എന്ന പേര് വന്നത്.

- മുബഷിറ പി എം





# കാളയായി ജീവിക്കുന്ന മനുഷ്യൻ

മനോഹരമായ ഗ്രാമം. ആ ഗ്രാമത്തിൽ വളരെ കഷ്ടപ്പാട് അനുഭവിക്കുന്ന ഒരു 'കാളയായ മനുഷ്യൻ'. കാളയായ മനുഷ്യൻ എന്നാൽ കാളയെ പോലെ പണിയെടുത്ത് ജീവിക്കുന്ന ഒരാൾ. ഒറ്റതടിയായി നടക്കുന്ന മനുഷ്യൻ .

കാളകൾ . കാളകൾ വളരെ കഷ്ടപ്പാട് അനുഭവിച്ച് ഭാരം പേറി നടക്കുന്നു. അത് പൊലെ ഒരു മനുഷ്യനാണ് ഇയാളും.

ഒരിടത്ത് വളരെ പാവപ്പെട്ട ഒരു മനുഷ്യൻ ജീവിച്ചിരുന്നു അദ്ദേഹത്തിന് കുടുംബവും സുഹൃത്തുക്കളും ആരും തന്നെ ഇല്ല. അദ്ദേഹത്തിന്റെ ആകെ ഒരു ആശ്രയം എന്തെന്നാൽ അയാളുടെ കാളവണ്ടിയായിരുന്നു. തോളത്ത് ഘനം പേറി നടക്കുന്ന ഒരു കാളയാണ് അത്. ആ കാളയെ പോലെ തന്നെ വളരെ കഷ്ടപ്പാട് അനുഭവിക്കുന്ന ഒരു മനുഷ്യനാണ് അദ്ദേഹം.

ഭാരം പേറി പേറി അദ്ദേഹത്തിന്റെ തോളുകൾ കുനിഞ്ഞു. പൊട്ടി പൊളിഞ്ഞ റോഡുകളിലൂടെയും വഴികളിലൂടെയും നടന്ന് നടന്ന് കാളവണ്ടിക്കാരന്റെ കാലുകൾ തേഞ്ഞുപോയിരിക്കുന്നു. അദ്ദേഹത്തിന്റെ കണ്ണുകളാണെങ്കിൽ ദുർവിധി കുടിച്ച് മിഴിനീർ വറ്റിയ കണ്ണുകളും. കാളകൾക്ക് അടികിട്ടി അതിന്റെ പുറത്ത് പുണ്ണുകൾ ഉള്ളത് പോലെ ദുഃഖവും ദുരന്തവും അനുഭവിച്ച് അനുഭവിച്ച് അയാളുടെ ജീവിത വിധിയും അത് തന്നെയായി മാറി. അദ്ദേഹം ജനിച്ചത് തന്നെ ഒരു പഞ്ഞക്കുടിലിലായായിരുന്നു. ജനനം മുതൽ മരണം വരെ അദ്ദേഹം ദുഃഖത്തിലും ദുരിതത്തിലുമാണ് ജീവിച്ചത്. എല്ലാ പ്രയാസങ്ങളും കാര്യങ്ങളും അദ്ദേഹത്തിന്റെ കൂടെപ്പിറപ്പായി മാറിക്കഴിഞ്ഞിരുന്നു.

അദ്ദേഹം എല്ലാ സമയത്തും ആ കാളവണ്ടി വലിച്ച് കൊണ്ട് നടക്കുകയാണ്. ഗ്രാമവീഥിയിൽ നേരം വെളുക്കുമ്പോൾ തന്നെ കന്യകമാർ കുളിക്കാൻ പോകുന്ന സമയത്തും കൃഷിക്കാർ പുഞ്ചയ്ക്ക് വെള്ളം തേവുമ്പോഴും വഴിനടക്കാർ നടന്ന് ക്ഷീണിച്ച് മരച്ചുവട്ടിൽ വിശ്രമിക്കാൻ ഇരിക്കുന്ന സമയത്തും അതു പോലെതന്നെ സന്ധ്യ സമയം മരങ്ങളിലെ വള്ളിയിലൂടെ തത്തകൾ ഊഞ്ഞാലാടി. ചിലക്കുമ്പോഴും അന്തിസമയം വിഷക്കാവിൽ മൂങ്ങകൾ മൂളിടുമ്പോഴും രാത്രിയിൽ തെണ്ടിപ്പട്ടി ഓളിയിടുന്ന സമയങ്ങളിലും ആ കാളവണ്ടി വലിച്ചുകൊണ്ട് ആ മനുഷ്യൻ നടക്കുന്നത് കാണാം. അതാണ്

അദ്ദേഹത്തിന്റെ പതിവ്.

മിഴികളിൽ നിന്നോ ചുണ്ടുകളിൽ നിന്നോ ഒരു ചലനവും ശബ്ദവും പോലും ഉണ്ടാവാറില്ല കേൾക്കുകയാണെങ്കിൽ തന്നെ വണ്ടിത്തണ്ടിന്റെ ദയാർഹമാം ഞരക്കം മാത്രം കേൾക്കാം. കാളകൾ ചലിക്കുന്നത് പോലെ തന്നെ ഏത് സമയവും ആ കാളവണ്ടിക്കാരനും ചലിക്കും. ഒട്ടേറെയപൂർവമായ് കേൾക്കുന്നതാണ് വണ്ടിക്കാരൻ ചാട്ടവാറ് കൊണ്ട് കാളയെ തല്ലുന്നത്.

"ജീവീതം ഒരു നാടകം ആണ്...... നാടകം മാത്രം"

ഇങ്ങനെ കഴിഞ്ഞ് കൊണ്ടിരിക്കെ ഒരിക്കൽ നടുങ്ങി പോകുന്ന ഒരു സംഭവം.

പഴന്തുണി മൂടിയ മരക്കട്ടിൽ പേറി മുന്നോട്ടു പോകുന്ന കാളവണ്ടിയിൽ മരിച്ച നിലയിൽ തുണിക്കുള്ളിൽ കിടക്കുകയാണ് ആ കാളവണ്ടിക്കാരൻ. എന്നിട്ട് പോലും ഒരു മനുഷ്യനും നോക്കാനില്ലാതെ അദ്ദേഹത്തിന് വേണ്ടി ഒരിറ്റ് കണ്ണുനീർ പൊഴിക്കാൻ പോലും ആരുമില്ലാതെ ആ കട്ടിലും പേറി കൊണ്ട് കാളകൾ നാലും മുന്നേറുകയാണ്

അങ്ങനെ അയാളുടെ ആ ജീവിതം വെറും ഒരു ദുരന്തമായി അവസാനിച്ചു.

- മിൻഷ ഷെറിൻ പി ആർ



## കാലം കാത്തുവെച്ചത്........

കല്ല്യണിയുടെ കോളേജിൽ കലോത്സവമായിരുന്നു.അവൾ ഭരതനാട്യത്തിനാണ് പങ്കെടുത്തിരുന്നത്.ഇന്നാണ് എല്ലാ മത്സരങ്ങളുടെയും ഫലം പറയുന്നത്.അതുകൊണ്ടുതന്നെ അവൾ വളരെ ആകാംക്ഷയിലാണ്.അങ്ങനെ എല്ലാ മത്സരങ്ങളുടെയും ഫലം പറഞ്ഞു കഴിഞ്ഞു,ഒടുവിൽ ഭരതനാട്യത്തിന്റെയും ഫലം പറഞ്ഞു : "ഭരതനാട്യം ഒന്നാം സ്ഥാനം .......കല്ല്യാണി".കല്ല്യണി ചെറുതായി ഒന്നു ഞെട്ടിയെങ്കിലും അവളുടെ ആഗ്രഹങ്ങളിൽ ഒന്നു നടന്നതിന്റെ സന്തോഷവും അവളുടെ മുഖത്തുണ്ട്. കല്ല്യാണി സമ്മാനം വാങ്ങാനായി സ്റ്റേജിലേക്ക് കയറി.കോളേജിലെ പ്രിൻസിപ്പാളാണ് അവൾക്ക് സമ്മാനം നൽകിയത്. സമ്മാനം കിട്ടിയ സമയത്ത് അവൾക്കുള്ളിൽ അവളെക്കുറിച്ചോർത്ത് അഭിമാനം തോന്നി. സമ്മാനവിതരണം എല്ലാം കഴിഞ്ഞു കോളേജിലെ വിദ്യാർത്ഥികളും,അധ്യാപകരുമെല്ലാം അവളെ അഭിനന്ദിച്ചു.

കോളേജിലെ പരിപാടി എല്ലാം കഴിഞ്ഞ് അവൾ വീട്ടിലേക്ക് പോയത് വളരെ ആകാംക്ഷയോടെയും സന്തോഷത്തോടെയുമായിരുന്നു. തനിക്ക് ഭരതനാട്യത്തിന് ഒന്നാം സ്ഥാനം ലഭിച്ച വിവരം തന്റെ അച്ഛനോടും അമ്മയോടും പറയുമ്പോൾ അവർക്കുണ്ടാവുന്ന സന്തോഷം അവൾക്ക് കാണണം. ഇങ്ങനെയെല്ലാം ചിന്തിച്ചുകൊണ്ട് ആണ് അവൾ വീട്ടിലേക്ക് പോവുന്നത്. പോവുന്ന വഴിയിൽ പുറകിൽ നിന്നും ആരോ തന്നെ വിളിച്ചതായി കല്ല്യാണിക്ക് തോന്നി "കല്ല്യാണി".... അവൾ തിരിഞ്ഞു നോക്കി.അവളെ വിളിച്ചത് ഡേവിഡ് സാറാണെന്ന് അവൾക്ക് മനസ്സിലായി. ഡേവിഡ് സാർ കല്ല്യാണി പഠിക്കുന്ന കോളേജിന്റെ ഉടമസ്ഥനാണ്. ഡേവിഡ് സാർ കല്ല്യാണിയുടെ അടുത്തേക്ക് വന്നു എന്നിട്ട് പറഞ്ഞു:"കല്ല്യാണി നിനക്കാണല്ലേ ഭരതനാട്യത്തിന് ഒന്നാം സ്ഥാനം.അഭിനന്ദനങ്ങൾ."കല്ല്യാണി പറഞ്ഞു: "നന്ദി സാർ". ശേഷം ഡേവിഡ് സാർ തുടർന്നു.,"കല്ല്യാണി എനിക്കൊരു നൃത്ത വിദ്യാലയം ഉള്ളതായി നിനക്കറിയില്ലെ അവിടെ നൃത്തം പഠിപ്പിക്കാൻ ഒരു അധ്യാപകയെ ആവശ്യമുണ്ട് നിന്റെ നൃത്തം ഞാൻ കണ്ടിരുന്നു നീ നല്ല രീതിയിൽ നൃത്തം ചെയ്യുന്നുണ്ട് നിനക്ക് അവിടെ നൃത്തം പഠിപ്പിക്കാനായി വരാൻ പറ്റുമോ.. മാസം എഴുന്നൂറ് രൂപയും ശമ്പളം തരാം."കല്ല്യാണി ഇതു കേട്ട് കുറച്ചു നേരം ചിന്തിച്ചു നിന്നു, എന്നിട്ട് പറഞ്ഞു. "ശരി സാർ ഞാൻ തയ്യാറാണ്." ശേഷം ഡേവിഡ് സാർ പറഞ്ഞു "ശരി എന്നാൽ അടുത്ത മാസം മുതൽ വന്നോളുട്ടോ..,"

കല്ല്യാണി അതും സമ്മതിച്ച് അവിടെ നിന്നും പോയി. കല്ല്യാണി വീട്ടിൽ

എത്തിയപ്പോൾ വീടിന്റെ ഉമ്മറത്ത് ബ്രോക്കർ ഇരിക്കുന്നത് കണ്ടു , അച്ഛനും അമ്മയും കൂടെ തന്നെ ഉണ്ട്. അവളെ കണ്ടതും രാമു പറഞ്ഞു: "ആ വന്നല്ലോ മണവാട്ടി."അവൾക്ക് ആകെ ആശ്ചര്യമായി. എന്ത് കൊണ്ടാണ് രാമു അവളെ മണവാട്ടി എന്ന് വിളിച്ചതോർത്ത്.അവൾ ഉമ്മറത്ത് കയറി രാമുവിനോട് ചോദിച്ചു : മണവാട്ടിയോ....? അമ്മയാണ് മറുപടി പറഞ്ഞത്. "അതെ നിനക്ക് നല്ലൊരു കല്ല്യാണാലോചന വന്നിട്ടുണ്ട്. അടുത്ത മാസം തന്നെ ഞങ്ങൾ ഇതു നടത്താം എന്ന് വിചാരിക്കുന്നു. ചെക്കൻ സർക്കാർ ജോലിക്കാരനാണ്. വരുൺ എന്നാ പേര്. അവർക്ക് നിന്നെ ഇഷ്ടമായി ഞങ്ങൾ ഇത് ഉറപ്പിച്ചു".കേട്ടതും അവൾ ആകെ ഞെട്ടി പോയി. അവൾ വിശമത്തോടെ പറഞ്ഞു. "അച്ഛാ... അമ്മേ... എനിക്കിപ്പോ കല്ല്യാണം വേണ്ട. നിങ്ങൾക്ക് അറിയാലോ ഞങ്ങടെ കോളേജിലെ കലോത്സവത്തിന് ഭരതനാട്യത്തിന് ഞാൻ പങ്കെടുത്തുവെന്ന്. ഇന്നാണ് അതിന്റെയെല്ലാം ഫലം പറഞ്ഞത്. എനിക്കാണ് ഭരതനാട്യത്തിൽ ഒന്നാം സ്ഥാനം. കോളേജിലെ കുട്ടികളും അധ്യാപകരുമൊക്കെ നല്ല അഭിപ്രയമാണ് പറഞ്ഞത്. വരുന്ന വഴി ഞാൻ ഡേവിഡ് സാറിനെ കണ്ടിരുന്നു. സാറിനൊരു നൃത്തം വിദ്യാലയമില്ലെ അവിടെ നൃത്തം പഠിപ്പിക്കാൻ എന്നോട് പറഞ്ഞു. മാസം എഴുന്നൂറു രൂപയും ശമ്പളം തരാമെന്ന് പറഞ്ഞു. എനിക്കിപ്പൊ കല്ല്യാണം കഴിക്കുന്നതിനു പകരം സ്വന്തമായി നൃത്തം വിദ്യാലയം തുടങ്ങി സമ്പാദിച്ച് സ്വന്തം കാലിൽ നിൽക്കണം. എന്നിട്ട് പതിയെ മതി കല്ല്യാണമൊക്കെ."ഇതു കേട്ടതും അവളുടെ അമ്മ പറഞ്ഞു : "മതി... നൃത്തം പഠിപ്പിക്കാൻ ഒന്നും നീ പോകാൻ നിക്കണ്ട. അല്ലേലും ഈ പെൺകുട്ടികൾ കല്ല്യാണം കഴിക്കാതെ സ്വന്തമായി സമ്പാദിച്ചാൽ നാട്ടുകാർ എന്താ പറയാ. പെൺകുട്ടികൾ വീട്ടിലെ ജോലി ചെയ്യുണ്ടവരാ അവർ നൃത്തം പഠിപ്പിക്കാൻ ഒന്നും പോയാൽ ശെരിയാവില്ല. നീ ഈ കല്ല്യാണത്തിന് സമ്മതിച്ചേ പറ്റൂ. കല്ല്യാണം കഴിഞ്ഞ് കുട്ടികൾ ഒക്കെ ആയാൽ അവരായിരിക്കും നിന്റെ ലോകം." ഇതു കേട്ടതും അവളുടെ കണ്ണുകൾ നിറഞ്ഞു. അവൾ അവരോട് പറഞ്ഞു: "പക്ഷെ അമ്മേ നിങ്ങൾ രണ്ടുപേരും ഞാൻ പറയുന്നത് കേൾക്ക. എന്നെ ഒന്ന് മനസ്സിലാക്ക്." ഇതു കേട്ടതും അവളുടെ അച്ഛൻ ദേഷ്യത്തോടെ പറഞ്ഞു: "ഈ കാര്യത്തിന് നിന്റെ അഭിപ്രായം ഞങ്ങൾക്ക് ആവശ്യമില്ല. ഞങ്ങൾ ഈ കല്ല്യാണം ഉറപ്പിച്ചതാ. പിന്നെ നിന്റെ കാര്യങ്ങൾ ഇത്രയും കാലം നോക്കി നടത്തിയത് ഞാനും അമ്മയുമാണ്. അതു കൊണ്ട് നിന്റെ സമ്മതം വേണ്ട." ഇതും പറഞ്ഞ് അവളുടെ അച്ഛനും

അമ്മയും അകത്തേക്ക് പോയി. രാമുവും പോയി. ആ ദിവസം രാത്രി കല്ല്യാണി അവളുടെ ചിലങ്ക നെഞ്ചിൽ അമർത്തികൊണ്ട് ഒരുപാട് കരഞ്ഞു. ദിവസങ്ങൾ കടന്നു പോയി.

കല്ല്യാണിയുടെ വിവാഹം കഴിഞ്ഞു. കല്ല്യാണം കഴിഞ്ഞ ആദ്യനാളുകൾ കുഴപ്പമില്ലാത്ത രീതിയിൽ മുന്നോട്ട് പോയി.ധാരാളം സ്വർണ്ണവും പണവും സ്ത്രീധനമായി നൽകിയാണ് കല്ല്യാണിയെ വിവാഹം കഴിപ്പിച്ചത്. കുറച്ച് നാളുകൾ കഴിഞ്ഞപ്പോൾ വരുണിന് ജോലിയിൽ നിന്നും സ്ഥലമാറ്റം കിട്ടി.അവർ കുടുംബക്കാരോടെല്ലാം യാത്ര പറഞ്ഞ് അവിടെ നിന്നും പോയി.

ഇപ്പോൾ കല്ല്യണം കഴിഞ്ഞിട്ട് അഞ്ചാറ് കൊല്ലം കഴിഞ്ഞിരിക്കുന്നു,അവർക്കിപ്പോൾ രണ്ട് കുട്ടികളുമുണ്ട്.മൂത്തയാൾ അനു അവൾക്ക് ആറ് വയസ്സാണ് പ്രായം.രണ്ടാമത്തെയാൾ അച്ചു അവന് നാല് വയസ്സാണ് . രണ്ട് പേരും സ്കൂളിലും പോകുന്നുണ്ട്.

ഒരു ദിവസം കല്ല്യണി കുട്ടികളെയും സ്കൂളിൽ അയച്ചു,വരുൺ ഓഫീസിലേക്കും പോയി . കല്ല്യണി വീട്ടിലെ ജോലി ചെയ്യുകയായിരുന്നു. പെട്ടെന്ന് വരുൺ തിരിച്ചു വന്നു.അവൾ അവനെ ഒന്നു നോക്കി.എന്തോ വിഷമമുണ്ട്.അവൾ ചോദിച്ചു : “എന്തു പറ്റി ഏട്ടാ...ഇപ്പോൾ ഓഫീസിലേക്ക് പോയതല്ലേ ഉള്ളു എന്തുപറ്റി ഇതുപെട്ടെന്ന് വരാൻ? എന്തെങ്കിലും എടുക്കാൻ മറന്നോ?”. വരുൺ മറുപടി പറഞ്ഞു:“കല്ല്യാണീ എന്റെ ജോലി പോയി.ഇനി എന്തെങ്കിലും ബിസിനസ് തുടങ്ങാമെന്ന് വിചാരിക്കുന്നു.അതിന് കുറച്ച് പണം ആവശ്യമാണ്.നീ ഇന്നു തന്നെ നിന്റെ അച്ഛനോട് കുറച്ച് പണം കൊണ്ടുവരാൻ പറയണം.”കല്ല്യണി ചെറുതായി ഒന്നു ഞെട്ടി. അവളുടെ വീട്ടിലെ അവസ്ഥ വളരെ കഷ്ടമാണ് . അവൾ വരുണിനോട് പറഞ്ഞു:“ഏട്ടാ വീട്ടിലെ അവസ്ഥ ഇപ്പോൾ അൽപ്പം മോശമാണ്.അച്ഛന് സുഖമില്ലാത്തത്കൊണ്ട് പൈസക്ക് കുറച്ച് ബുദ്ധിമുട്ടുണ്ട്.എന്റെ സ്വർണ്ണമാണെങ്കിലോ അത് ഏട്ടൻ കല്ല്യാണം കഴിഞ്ഞ സമയത്ത് തന്നെ വിറ്റില്ലേ .” ഇത് കേട്ടതും വരുണിന് ദേഷ്യം വന്നു.അവൻ ദേഷ്യത്തോടെ പറഞ്ഞു:“ ഒന്നും ഇല്ലാത്ത വീട്ടിൽ നിന്നും നിന്നെപ്പോലെ ഒരുത്തിയെ കല്ല്യാണം കഴിച്ച എന്നെ പറഞ്ഞാൽ മതിയല്ലോ.അതിന് ആ സമയത്ത് എനിക്ക് ബുദ്ധി ഇല്ലായിരുന്നു.അന്ന് നിന്നെ കല്ല്യാണം കഴിച്ചതിന് ഇന്നാണ് ഞാൻ അനുഭവിക്കുന്നത്.മതി,എനിക്ക് നിന്റെ കൂടെയുള്ള ജീവിതം

മതിയായി.ഞാൻ എങ്ങോടെങ്കിലുമൊക്കെ പോവാൻ പോവുകയാണ്.ഇനി ഒരിക്കലും തിരിച്ചുവരില്ല ." കല്ല്യാണിക്ക് ഇതെല്ലാം കേട്ടപ്പോൾ അവൾ ഇല്ലാതാകുന്നത് പോലെ തോന്നി.അവൾ അവനെ തടയാൻ ശ്രമിച്ചു. "ഏട്ടാ...".പക്ഷേ അവൻ അതൊന്നും കേൾക്കാതെ അവിടെ നിന്നും പോയി.

അവൾ അവളുടെ വീട്ടിലേക്ക് വിളിച്ച് അമ്മയോട് നടന്നതെല്ലാം പറഞ്ഞു."അമ്മേ എനിക്ക് എന്താ ചെയ്യണ്ടേ എന്ന് അറിയില്ല .ഞാൻ കുട്ടികളെയും കൂട്ടി നാളെത്തന്നെ അങ്ങോട്ട് വരാമെന്ന് വിചാരിക്കുന്നു". ഇതുകേട്ടതും അവളുടെ അമ്മ പറഞ്ഞു : "എന്താ കല്ല്യാണി നീ ഈ പറയുന്നത്, നീ ഇങ്ങോട്ട് വന്നാൽ നാട്ടുകാര് എന്തെങ്കിലും ഒക്കെ പറയും.വരുൺ വെറുതെ പറഞ്ഞതായിരിക്കും. നീ ഇതൊക്കെ കേട്ട് ഇവിടെ നിന്ന് കഴിഞ്ഞാൽ ആളുകൾ എന്തായാലും ചോദിക്കും. അവരെങ്ങാനും ഈ സംഭവം അറിഞ്ഞിട്ടുണ്ടെങ്കിൽ ഞങ്ങളുടെ അഭിമാനം പോവും. ഞങ്ങൾ പിന്നെ അവരെയൊക്കെ മുഖത്ത് പിന്നെ എങ്ങനെ നോക്കും. വരുൺ എന്തായാലും തിരിച്ചു വരുമായിരിക്കും, ഇനി വന്നില്ലിങ്കിൽത്തന്നെ നീ ഇങ്ങോട്ട് വരാൻ ഒന്നും നിക്കണ്ട. ഞാൻ പറഞ്ഞത് നിനക്ക് മനസ്സിലായില്ലേ". ഇതും പറഞ്ഞ് അവളുടെ അമ്മ ഫോൺ വെച്ചു. അവൾക്ക് പറയാനുള്ളത് എന്താണെന്ന് പോലും കേൾക്കാൻ അവളുടെ അമ്മ തയ്യാറായില്ല. അതിന് മുന്നേ ഫോൺ വെച്ചു. അവൾക്ക് വിഷമവും ദേഷ്യവും എല്ലാം കൂടി ചേർന്ന അവസ്ഥ ആയിരുന്നു. തന്റെ ഭർത്താവ് തന്നെ ഉപേക്ഷിച്ച് പോയി,ഇപ്പോളിതാ തന്റെ വീട്ടുകാരും താൻ പറയുന്നത് കേൾക്കാൻ തയ്യാറല്ല. അവൾക്ക് എന്ത് ചെയ്യണമെന്ന് അറിയല്ല. അവൾക്ക് അവളുടെ എല്ലാം നഷ്ടമായത് പോലെ തോന്നി. ആ ദിവസം മുഴുവൻ അവൾ അവളുടെ വിവാഹ ഫോട്ടോ നോക്കി കരഞ്ഞുകൊണ്ടിരുന്നു. വൈകുന്നേരം കുട്ടികൾ സ്കൂളും കഴിഞ്ഞ് വീട്ടിലേക്ക് വന്നു. അവളുടെ അടുത്തേക്ക് ഓടി വന്നു. അവളെ കെട്ടിപ്പിടിച്ചു. "അമ്മേ..." അവരുടെ ശബ്ദം കേട്ടപ്പോൾ കല്ല്യാണി അവരെ നോക്കി. അവൾക്ക് അവരെ കണ്ടപ്പോൾ അവളുടെ പകുതി ദുഃഖം കുറഞ്ഞത് പോലെ തോന്നി. പക്ഷേ പെട്ടെന്ന് നടന്നതെല്ലാം ആലോചിച്ചപ്പോൾ വീണ്ടും കരയാൻ തുടങ്ങി. അനു അവളോട് ചോദിച്ചു:"അമ്മ എന്തിനാ കരയിന്നത്" "ഒന്നുമില്ല."കല്ല്യാണി മറുപടി പറഞ്ഞു. അവൾ അവളുടെ കണ്ണ് തുടച്ചു. അപ്പോഴാണ് അച്ചു അവളോട് ചോദിച്ചത്. "അച്ഛൻ എവിടെ അമ്മേ." സാധാരണ ദിവസങ്ങളിൽ അവർ സ്കൂൾ

വിട്ടുവരു ൾ വരുൺ വീട്ടിൽ ഉണ്ടാവാറുണ്ടായുരുന്നു,ഇന്ന് വരുണിനെ കാണാത്തത് കൊണ്ടാണ് അച്ചു അങ്ങനെ ചോദിച്ചത്. കല്ല്യാണിക്ക് വീണ്ടും കരച്ചിൽ വന്നു. പക്ഷേ കുട്ടികളുടെ മുന്നിൽ അവൾ അവളുടെ കണ്ണീര് അടക്കിപ്പിടിച്ചുകൊണ്ട് പറഞ്ഞു: “അച്ഛൻ പോയി. ഇനി നിങ്ങൾക്ക് ഞാനുണ്ട് എല്ലാമായി.”ഇതും പറഞ്ഞ് കല്ല്യാണി അവരെ നെഞ്ചോട് ചേർത്ത് നെറ്റിയിൽ ചുംബിച്ചു.

രാത്രിയിൽ കുട്ടികൾക്ക് ഭക്ഷണം നൽകി അവരെ ഉറക്കി. കല്ല്യാണി അന്ന് ഉറങ്ങിയില്ല. അവൾ ആ രാത്രി മുഴുവൻ ഓരോന്ന് ആലോചിക്കാൻ തുടങ്ങി. മക്കളെ പഠിപ്പിക്കണം,വീട്ടിലെ കാര്യങ്ങൾ നോക്കണം ഇതിനെല്ലാമായി തനിക്കൊരു വരുമാന മാർഗം ആവശ്യമാണ്.എന്താണ് ഇനി ചെയ്യുക? അവൾ ഒന്നു ചിന്തിച്ചു. ഇങ്ങനെ ചിന്തിച്ചുകൊണ്ടിരിക്കുഴാണ് അവളുടെ കണ്ണുകൾ ഭിത്തിയിൽ ഒട്ടിച്ചിരിക്കുന്ന ഒരു ചിത്രത്തിൽ പതിഞ്ഞത്. “അതെ." അവൾ അവളോട് തന്നെ പറഞ്ഞു.ആ ചിത്രം മറ്റൊന്നുമായിരുന്നില്ല. കോളേജിൽ പഠിക്കുന്ന സമയത്ത് അവൾ ഭരതനാട്യത്തിനായി എടുത്ത ചിത്രമായിരുന്നു അത്. അവൾ ഉടനെത്തന്നെ അവളുടെ പെട്ടി തുറന്ന് പൊടി പിടിച്ചു കിടക്കുന്ന അവളുടെ ചിലങ്കകൾ പുറത്തെടുത്തു. ഈ നിമിഷം അവൾ ചെയ്ത എല്ലാ നൃത്തങ്ങളും അവളുടെ മുന്നിലൂടെ മിന്നൽ പോലെ പോയതായി അവൾക്ക് അനുഭവപ്പെട്ടു. ഇതേ സമയം തന്നെ അവൾക്ക് അവളുടെ ക സ്സ് ടീച്ചർ പറഞ്ഞ കാര്യങ്ങളും ഓർമ്മ വന്നു. “എ.പി.ജെ അബ്ദുൽ കലാം പറഞ്ഞത് പോലെ നാം സ്വപ്നം കാണാൻ മാത്രം പഠിച്ചാൽ പോരാ അത് നിറവേറ്റാനും കഴിയണം. നമ്മൾ ഓരോരുത്തർക്കും നിരവധി,വ്യതസ്തതരത്തിലുള്ള കഴിവുകളുണ്ട്.അവ കണ്ടെത്തി പരിപോഷിപ്പിക്കുകയാണ് വേണ്ടത്. എത്രയൊക്കെ കാലം കഴിഞ്ഞാലും ആരൊക്കെ അതിൽ നിന്നും എതിർത്താലും, ആരൊക്കെ നമ്മളെ തളർത്താനും,തടയാനും ശ്രമിച്ചാലും ഒരുനാൾ നമ്മുടെ കഴിവ് ഈ ലോകം മുഴുവൻ തിരിച്ചറിയും. അന്നാണ് നാം ജീവിതത്തിൽ ഏറ്റവും മികച്ചവരും,വിജയിച്ചവരും ആയി തീരുന്നത്." അതോടൊപ്പം ടീച്ചർ മറ്റൊരു കാര്യം കൂടി പറഞ്ഞിരുന്നു.“ഞാൻ ഈ പറഞ്ഞ കാര്യങ്ങൾ യഥാർതത്തിൽ നിങ്ങൾ അറിയുന്ന ഒരു ദിവസം ന്ങ്ങളുടെ ജീവിതത്തിൽ വരും." അവൾ പുഞ്ചിരിച്ച് അവളോടായി പറഞ്ഞു: “അതെ,എന്റെ ജീവിതത്തിലെ ആ ദിവസം വന്നിരിക്കുന്നു."

പിറ്റേ ദിവസം കല്ല്യാണി കുട്ടികളെ സ്കൂളിൽ പറഞ്ഞയച്ചതിനുശേഷം ഒന്നുടെ

അവൾ അവളുടെ ചിലങ്ക നെഞ്ചോട് ചേർത്തു വെച്ചു. അവൾ ഒന്ന് പുഞ്ചിരിക്കുകയും ചെയ്തു.

അടുത്ത ആഴ്ച മുതൽ തന്നെ കല്ല്യാണി ഒരു നൃത്തവിദ്യാലയം ആരംഭിച്ചു.ആദ്യത്തെ ആഴ്ചകളിൽ ഒന്നും,രണ്ടും കുട്ടികൾ ആണെങ്കിൽ കൂടിയും കുറഞ്ഞ മാസങ്ങൾ കൊണ്ടുതന്നെ ആ വിദ്യാലയം കുട്ടികളെക്കൊണ്ട് നിറഞ്ഞു. ഇന്നിതാ ആ പ്രദേശത്തെ ഏറ്റവും വലിയ നൃത്തവിദ്യാലയമായി മാറി കഴിഞ്ഞിരിക്കുന്നു. അവളുടെ ടീച്ചർ പറഞ്ഞ കാര്യത്തിന്റെ വില എന്താണെന്ന് അവൾക്ക് ഇപ്പോൾ മനസ്സിലായി കഴിഞ്ഞിരിക്കുന്നു.

കല്ല്യാണിയുടെ പണ്ടു കൊഴിഞ്ഞുപോയ ചിറകുകൾ ഇന്നിതാ വളരെ മനോഹരമായ വർണ്ണങ്ങൾ ചേർന്നതും,തൂവലുകൾ നിറഞ്ഞതുമായ ചിറകുകളായി അവൾ വീണ്ടെടുത്തിരിക്കുന്നു.കാലം അവൾക്കായി കാത്തുവെച്ചത് നഷ്ടപ്പെട്ടതിനെക്കാൾ മനോഹരമായ ഒന്നായിരുന്നു........



-ദിയ ഫാത്തിമ പി.എം



# പുതുവഴി

ഒരു ചെറിയ ഗ്രാമം.പച്ചപ്പട്ട് വിരിച്ചതുപോലെയും പിന്നെ നിറങ്ങൾ വിതറിയതിപോലെയുള്ള പൂക്കൾ. അവിടെയുള്ള ചെറിയ ഒരു വീട്ടിൽ താമസിക്കുന്ന ഒരു പെൺക്കുട്ടിയായിരുന്നു കല്ല്യാണി അവളുടെ അമ്മ വളരെ വയസ്സായതായിരുന്നു. പിന്നെ അച്ഛൻ കല്ല്യോണിയുടെ ചെറുപ്പത്തിൽ തന്നെ മരിച്ചു പോയിരുന്നു. വളരെ ദാരിദ്ര്യത്തിലും കഷ്ടപ്പാടിലും ആയിരുന്നു അവരുടെ ജീവിതം. കല്ല്യാണിക്ക് പത്തുവയസ്സു മാത്രമെ പ്രായം ഉള്ളു. അവർ ചെറിയ ചെറിയ പണികൾ എടുത്താണ് ആ കുടുംബം ജീവിച്ചു പോകുന്നത്. പക്ഷെ കല്ല്യാണി സ്കൂളിൽ പോകുന്നില്ല അവൾക്ക് പുസ്തകം വാങ്ങാൻ പോലും പറ്റുന്നില്ല. പക്ഷെ അപ്പുറമുള്ള കുട്ടികൾ എല്ലാവരും രാവിലെ സ്കൂളിൽ പോകും ആ സമയത്ത് കല്ല്യാണിക്ക് വളരെ സങ്കടമാവും പക്ഷെ അവരുടെ  ദാരിദ്ര്യമൊന്നും മനസ്സിലാക്കാതെ അവർ പണം കൊടുക്കാൻ ഉള്ളവർ എന്നും ചീത്ത പറയും. പിന്നെ കുറെ ദിവസം കഴിഞ്ഞപ്പോൾ അങ്ങോട്ട് ഒരു കുടുംബം വന്നു. അവർ പണക്കാരായിരുന്നു. കല്ല്യാണിയുടെയും കുടുംബത്തിന്റെയും കഷ്ടപ്പാട് അവർക്ക് മനസ്സിലായി. പിന്നെ അവർ കല്ല്യാണിയുടെ വീട്ടിൽപോയിട്ട് എല്ലാം പഞ്ഞു അവർക്ക് വളരെ സന്തോഷമായി. അത്  എല്ലാം  കഴിഞ്ഞപ്പോൾ കല്ല്യാണി സ്കൂളിൽ പോകാനും തുടങ്ങി. പിന്നെ പഠിച്ച് പഠിച്ച് വലുതായപ്പോൾ ഒരു ഡോക്ടർ ആയി അവളുടെ അമ്മക്ക് വളരെ സന്തോഷമായി.  പിന്നെ അവൾ അവളെ പഠിപ്പിച്ച ആ കുടുംബത്തെ കാണാനാണ് പോയത്. അവൾക്ക് വളരെ സന്തോഷമായി അവിടെ ഉണ്ടായിരുന്ന എല്ലാവരും അവളെ തന്നെ നോക്കിനിന്നു. കുറേ പേർക്ക് വളരെ ദേഷ്യവും ഉണ്ടായിരുന്നു. പക്ഷെ അവൾ അത് ഒന്നും കാര്യം ആക്കിയിരുന്നില്ല. ഇങ്ങനെ ഉള്ള ഒത്തിരി ആളുകൾ ഈ ലോകത്ത് ജീവിക്കുന്നുണ്ട്. നമ്മൾ അവരെ കണ്ടില്ല എന്നു വെക്കരുത് അവരുടെ കൂടെ നിന്ന് അവരെ സഹായിക്കണം അപ്പോൾ തന്നെ ഈ ലോകം മാറിമറയുന്നു.



- എസ് വൈഗ ലക്ഷ്മി

# ഭൂമിദേവത

ഞാൻ ഒറ്റക്കാണ് പക്ഷെ ഞാൻ ഏകാന്തനല്ല
അത് നിശബ്ദമായിരുന്നു
പക്ഷെ എല്ലാവരും ഇഷ്ടപ്പെടുന്ന നിശബ്ദത
ഇരുട്ട് വീണുകൊണ്ടിരിക്കുന്നു
എങ്കിലും ഞാൻ ഭയപ്പെടുന്നില്ല
പക്ഷികൾ പാടുന്ന ശബ്ദം പ്രകൃതിയുടെ സംഗീതം
അത് എനിക്ക് സമാധാനം നൽകുന്നു
കാടിന്റെ രാജാവ്
എത്ര രാജകീയമായാണ് വിശ്രമിക്കുന്നത്
തണുത്ത കാറ്റ് എന്നെ പതിയെ തഴുകി തലോടുന്നു
മധുരമുള്ള പഞ്ഞി മിഠായി ആകാശത്തിൽ വിസ്മയത്തിൽ
ഭൂമി ആവളുടെ സ്ത്രീലിംഗം കൊണ്ട് നമ്മെ ആകർശിക്കുന്നു
അതേ നിങ്ങൾ ഊഹിച്ചത് ശരിയാണ്
മനോഹരമായ കാടാണത്
നമുക്ക് അതിനെ ഒരു ജീവരക്ഷകൻ എന്ന് വിളിക്കാം
പ്രകൃതിയുടെ ശ്വാസകോശം
അതേ ഒരു ജീവദാതാവ്
അതേ നാളേയ്ക്കായുള്ള പ്രതീക്ഷ
വെള്ളി ദേവതയായ പൂനിലാവ് പുഞ്ചിരിച്ചു
സ്വർണ കിരീടം ധരിച്ച
രാജാവായ അരുണൻ കാത്തിരിക്കുന്നു
ഒരു രാത്രിക്ക് ശേഷം പ്രഭാതവും
ശീതകാലത്തിനു ശേഷം വസന്തവും
വരുമെന്ന ഉറപ്പ് നൽകികൊണ്ട്
എല്ലായിടത്തും സന്തോഷത്തോടെ പാറിപറക്കുന്ന പ്രകൃതി



– മുബഷിറ പി എം



# സൂര്യനും കാറ്റും

കാറ്റും സൂര്യനും പണ്ട് മുതലെ വളരെ നല്ല ചങ്ങാതിമാരായിരുന്നു. ഒരു ദിവസം ഒരു കർഷകൻ പാടത്ത് ജോലി ചെയ്യുകയാണ്. അത് സൂര്യനും കാറ്റും കാണുന്നുണ്ടായിരുന്നു. ആ കർഷകന്റെ തോളിൽ ഒരു തോർത്ത് കിടപ്പുണ്ടായിരുന്നു. അത് കണ്ട് സൂര്യൻ പറഞ്ഞു "നമുക്ക് ഒരു മത്സരം വെയ്ക്കാം." കാറ്റ് ചോദിച്ചു "എന്ത് മത്സരം ?"സൂര്യൻ പറഞ്ഞു "ആ കർഷകന്റെ തോളിൽ കാണുന്ന തോർത്ത് ആരാണ് അവിടെ നിന്ന് മാറ്റുക അവരാണ് വിജയ് . ഇതാണ് മത്സരം." കാറ്റ് അതിന് സമ്മതിച്ചു. കാറ്റ് പറഞ്ഞു "ഞാൻ തന്നെ ആ താർത്ത് ആദ്യം മാറ്റുക". ആദ്യ ശ്രമം കാറ്റ് നടത്തി. നല്ല ശക്തിയായികൊണ്ട് കാറ്റ് വീശി പക്ഷെ കാറ്റിന് ആ തോർത്ത് അവിടെ നിന്ന് മാറ്റാൻ സാധിച്ചില്ല അപ്പോൾ സൂര്യൻ പറഞ്ഞു "കാറ്റേ നീ തോറ്റു. അടുത്തത് എന്റെ അവസരമാണ്." ഇങ്ങനെ പറഞ്ഞു കൊണ്ട് സൂര്യൻ ശക്തിയായി ചൂട് കൂട്ടി. ആ ചൂട് കാരണം കർഷകൻ വിയർത്തു. അപ്പോൾ കർഷകൻ ആ തോർത്ത് എടുത്ത് തുടച്ചു. അങ്ങനെ സൂര്യൻ വിജയിച്ചു കാറ്റ് തോറ്റുപ്പോയി.

- നഹദ ഫാത്തിമ



# മണ്ണിനെ സ്നേഹിച്ച കർഷകൻ

ഒരു ചെറിയ ഗ്രാമം,അവിടെ താമസിക്കുന്ന ഒരു കർഷകനാണ് രാമൻ. അയാളുടെ വീട്ടിൽ അയാളുടെ ഭാര്യയും,രണ്ട് പെൺമക്കളുമായിരിന്നു ഉണ്ടായിരുന്നത്. രാമൻ നല്ല ഒരു കർഷകനായിരുന്നു. കുറച്ച് സ്ഥലമാണ് കൃഷി ചെയ്യാൻ ഉണ്ടായിരുന്നത് എങ്കിൽ കൂടിയും അവിടെ അദ്ദേഹം നല്ല രീതിയിൽ കൃഷി ചെയ്യുമായിരുന്നു. അദ്ദേഹത്തിൻ്റെ ഭാര്യക്ക് സുഖമില്ലാത്തതിനാൽ ജോലി ഒന്നും ചെയ്യാൻ കഴിയില്ലായിരുന്നു. അത് ചികിത്സിക്കാനായി ഒരുപാട് പണം ആവശ്യമാണ്. മക്കളിൽ മൂത്തയാൾക്ക് ഇരുപത്തിരണ്ട് വയസ്സും, രണ്ടാമത്തെയാൾക്ക് പതിനെട്ട് വയസ്സുമാണ്. രണ്ടുപേരും നല്ലവണ്ണം പറുക്കുന്നവരായിരിന്നു. മൂത്ത മകൾക്ക് കല്ല്യാണ യമായി,അതിനായി പണം ആവശ്യമാണ്. അതുകൊണ്ട് തന്നെ രാമൻ നല്ല രീതിയിൽ കൃഷി ചെയ്ത് പരിഷമിക്കുന്നുണ്ട്.

ഒരു ദിവസം  ശക്തമായ കാറ്റും,മഴയും ഉണ്ടായി. കൃഷിയെല്ലാം മഴയിൽ ഒലിച്ചുപോയി. രാമന് വളരെ വിഷമമായി. "കുറേ നാൾ അധ്വാനിച്ചുനട്ട കൃഷിയായിരുന്നു അത്. എല്ലാം മഴയിൽ ഒലിച്ചുപോയില്ലെ. ഇനി ഞാൻ എന്തു ചെയ്യും. എൻ്റെ ഭാര്യയെ ചികിത്സിക്കണം,മകളുടെ വിവാഹം നടത്തണം."രാമന് ഇതെല്ലാം ആലോചിച്ചപ്പോൾ എന്ത് ചെയ്യണമെന്ന് അറിയാതെയായി. മഴയെല്ലാം മാറിയപ്പോൾ രാമൻ കൃഷിയിടത്തിലേക്ക് പോയിനോക്കി. കൃഷിയെല്ലാം നശിച്ചുപോയത് കണ്ട് രാമന് സഹിക്കാനായില്ല. വേറെ നിവർത്തിയൊന്നും ഇല്ലാതെ രാമൻ കൃഷിയെല്ലാം ആദ്യം മുതലേ ചെയ്യാൻ തുടങ്ങി. ഏതാനും ചില മാസങ്ങൾക്ക് ശേഷം തന്നെ കൃഷി നല്ല രീതിയിൽ വളർന്നു. ഇതെല്ലാം കണ്ടപ്പോൾ രാമന് വളരെ സന്തോഷമായി. കൃഷിയിൽ നിന്നും രാമന് നല്ല പണം കിട്ടി. ഇതിൽ നിന്നും രാമൻ മകളുടെ വിവാഹം നടത്തുകയും,ഭാര്യയുടെ രോഗം  ചികിത്സിക്കാനായും തുടങ്ങി.

എത സന്തോഷമുണ്ടെങ്കിലും രാമൻ്റെ സന്തോഷം കൃഷിതന്നെയാണ്. " ഞാൻ മരിച്ചാൽ മാത്രമേ ആ കൃഷി മരിക്കുകയുള്ളൂ. ഞാൻ ഉള്ള കാലം മുഴുവൻ കൃഷിയെ നന്നായി നോക്കും. കൃഷിയാണ് എൻ്റെ ജീവൻ.മനുഷ്യനെ വിശ്വസിച്ചില്ലെങ്കിലും മണ്ണിനെ വിശ്വസിക്കാം........"

-എസ്. വൈഗ ലക്ഷ്മി



# തോൽപ്പെട്ടി

വയനാട് എന്ന ജില്ലയുടെ പേര് കേൾക്കുമ്പോൾ തന്നെ മനസ്സിലേക്ക് ഓടി വരുന്നത് കാടാണ്. അതുപോലെ തന്നെ മൃഗങ്ങളും. ഒരു ഉൾപ്രദേശമാണ്. ഈ വനപ്രദേശം തന്നെയാണ് എല്ലാത്തിന്റെയും ഒരു തിളക്കം. ഈ വനപ്രദേശമാണ് തോൽപ്പെട്ടിക്ക് ഭംഗി കൂട്ടുന്നത്. തോൽപ്പെട്ടിയുടെ ഭംഗി കൂട്ടുന്ന ഈ വനത്തിൽ ഒരുപാട് മൃഗങ്ങളുണ്ട്. ആന,കടുവ,കുറുക്കൻ എന്നിങ്ങനെ ഒരുപാട് മൃഗങ്ങളുള്ളതുകൊണ്ടു തന്നെയാണ് വിദേശികളും മറ്റും തോൽപ്പെട്ടിയിൽ ഉള്ള ഹോംസ്റ്റേയിൽ മറ്റും തങ്ങി അവിടന്ന് രാവിലെ സഫാരിക്ക് പോകുന്നു. വയനാട്ടിലെ വന്യജീവിസങ്കേതങ്ങളിൽ ഒരു വന്യജീവിസങ്കേതമാണ് തോൽപ്പെട്ടിയിൽ ഉള്ളത്. അത്പോലെതന്നെ തോൽപ്പെട്ടിക്ക് മറ്റൊരു പ്രത്യേകതകൂടിയുണ്ട് കേരള കർണാടക അതിർത്തി പങ്കിടുന്ന ഒരു സ്ഥലവും കൂടിയാണ്. തോൽപ്പെട്ടിയിൽ എല്ലാ ജനങ്ങളും നല്ല സന്തോഷത്തോടെ സഹകരിച്ചാണ് പോകുന്നത്.


_ മിത്ര എം. ആർ



# വരകൾ...












# THANK YOU



## TEAM MEMBERS-

MUBASHIRA P M

FATHIMATH JUMANA

DIYA FATHIMA P M

SANHA FATHIMA

MINSHA P R

THANMAYA BINU

S.VAIGA LAKSHMI

SREEDEVIKA K M

MINHA FATHIMA

THUSHARA

MITHRA M R

ARYA VINU

FATHIMATHUL SHAHANA

AKSHAYA

ANURAG

BABITH

ASHMAL

AJITH

